**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2807** **10-03-2025 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യ ഭക്ഷണത്തിന് വിപണി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ഭക്ഷണ രീതികളും ഭക്ഷണ സാധനങ്ങളും പൊതു സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനും അവയ്ക്ക് വിപണി ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ഭക്ഷണരീതികളും ഭക്ഷണ സാധനങ്ങളും പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി ആയത് പട്ടികവർഗ്ഗ വികസന വകുപ്പ് കേരളീയം-2023-ൽ ഉൾപ്പെടുത്തുകയും ആയതിന് മികച്ച പ്രതികരണങ്ങൾ പൊതുസമൂഹത്തിൽ നിന്നും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും സംഘടിപ്പിക്കുന്ന ആഘോഷ പരിപാടികളിലും മേളകളിലും പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സംഘങ്ങളുടെയും വ്യക്തികളുടെയും പാരമ്പര്യ ഭക്ഷണ സാധനങ്ങളും, വനവിഭവങ്ങളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പ്രദർശനം നടത്തുന്നതിനും, വിപണനം ചെയ്യുന്നതിനും അവസരം നൽകി വരുന്നുണ്ട്. അട്ടപ്പാടി ആസ്ഥാനമായി പ്രവർത്തിക്കുന്ന ACFS, വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി (VCFS) തുടങ്ങിയ സ്ഥാപനങ്ങൾ ഭക്ഷ്യ ഉത്പന്ന സംസ്കരണം, വിപണനം, എന്നിവ വകുപ്പിന്റെ സഹായത്താൽ കാര്യക്ഷമമായി നിർവഹിച്ചുവരുന്നു. VCFS നടത്തുന്ന പരമ്പരാഗത ഭക്ഷണശാല പ്രവർത്തനം ആരംഭിച്ചതിലൂടെ നിരവധി പേർക്ക് തൊഴിലും വരുമാനവും നൽകാൻ കഴിഞ്ഞു. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് മുഖേനയും വംശീയ ഭക്ഷണ ഉല്പാദനത്തിൽ പരിശീലനവും, പ്രദർശനത്തിനും വിപണനത്തിനുമുള്ള അവസരങ്ങളും ലഭ്യമാക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ